**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കോട്ടയം ജില്ല — ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയത്, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.4060/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 16.12.2017

---

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 19.05.2012-ലെ ഡി5-8419/2007 നമ്പർ നടപടിക്രമം

2. ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയത്, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ

3. പഞ്ചായത്ത് ഡയറക്ടറുടെ 13.12..2012, 22.05.2013 എന്നീ തീയതികളിലെ ഡി5-8419/2017 നമ്പർ കത്തുകൾ

**ഉത്തരവ്**

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിൽ നിയമപരവും ഭരണപരവുമായ വീഴ്ചകൾ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും മുറിവാടക സംബന്ധിച്ച വിഷയത്തിൽ പഞ്ചായത്ത് ലേലം സ്ഥിരപ്പെടുത്തിയതിനുശേഷം ലേലവ്യവസ്ഥ അനുസരിച്ച് ലേലതുകയിനത്തിൽ പഞ്ചായത്തിനുണ്ടായ 2,38,800/- രൂപയുടെ നഷ്ടം നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയതിന്റെയും, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാറിന്റെയും ബാധ്യതയായി കണക്കാക്കി ടിയാളുകളുടെ കൈയ്യിൽ നിന്നും ഈടാക്കാൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവാകുകയും ടി ഉത്തരവിനെതിരെ ടിയാളുകൾ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിൽ നിയമപരവും ഭരണപരവുമായ വീഴ്ചകൾ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.എ. വേലായുധൻ, ജൂനിയർ സൂപ്രണ്ട്

ശ്രീമതി. ലൂസിക്കുട്ടി ഡൊമിനിക്ക് എന്നിവർക്കെതിരെ കുറ്റപത്രം പുറപ്പെടുവിച്ച് പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. ആയതിന് ശ്രീമതി. ലൂസിക്കുട്ടി ഡൊമിനിക് സമർപ്പിച്ച പ്രതിവാദപത്രികയിന്മേലുള്ള കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായക്കുറിപ്പിൽ മുറിവാടക സംബന്ധിച്ച വിഷയത്തിൽ 10.03.2005-ൽ പഞ്ചായത്ത് ലേലം സ്ഥിരപ്പെടുത്തിയതിനുശേഷം ലേലവ്യവസ്ഥ അനുസരിച്ച് ബാക്കിയുള്ള 50% തുക 17.03.2005-നകം ഈടാക്കേണ്ട ബാധ്യത പ്രസ്തുത സമയം പഞ്ചായത്തിൽ 11.10.2004 മുതൽ 31.03.2005 വരെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയതിന്റെയും, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാറിന്റെയും പരിപൂർണ്ണ ഉത്തരവാദിത്വമായിരുന്നു എന്നും ലേലതുകയിനത്തിൽ പഞ്ചായത്തിനുണ്ടായ 2,38,800/- രൂപയുടെ നഷ്ടം നടപടി സ്വീകരിക്കാതിരുന്ന ബന്ധപ്പെട്ട സെക്രട്ടറിമാർ സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണെന്ന് അക്കാലയളവിലെ ലോക്കൽ ഫണ്ട് ആഡിറ്റിൽ പരാമർശിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി നഷ്ടത്തിനുത്തരവാദികളായ ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയത്, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാർ എന്നിവർക്കെതിരെ 19.11.2011-ൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ആയതിന് ടി ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ ലേലവ്യവസ്ഥ പ്രകാരം സമയബന്ധിതമായി ചെയ്യേണ്ടുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച ടി ജീവനക്കാരിൽ നിന്നും ഉണ്ടായിട്ടുള്ളതായും പ്രസ്തുത നഷ്ടോത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കുന്നതിന് പര്യാപ്തമായ യാതൊരുവാദങ്ങളും ടിയാളുകളുടെ വിശദീകരണങ്ങളിലൂടെ ബോധിപ്പിക്കുവാനും കഴിഞ്ഞിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ 2,38,800/- രൂപയുടെ ബാധ്യത ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയത്, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാർ എന്നിവരിൽ നിന്നും നടപടിക്രമങ്ങൾ പാലിച്ച് വിരമിച്ച വ്യക്തിയുടെ ഡി.സി.ആർ.ജിയിൽ നിന്നോ ആയത് സാധിക്കാത്തപക്ഷം റവന്യൂ റിക്കവറി/പബ്ലിക് അക്കൗണ്ട് ആക്ട് അനുസരിച്ചോ സർവ്വീസിലുള്ള വ്യക്തിയുടെ കാര്യത്തിൽ ടിയാന്റെ ശമ്പളത്തിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്തിന്റെ അക്കൗണ്ടിൽ മുതൽ കൂട്ടുന്നതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി ഉത്തരവിനെതിരെ ടിയാളുകൾ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ പരിശോധിച്ചതിൽ ലേലം നിയമാനുസരണം നടത്തിയെന്നും പകുതി തുക ലേല ദിവസം തന്നെ അടച്ചിട്ടുണ്ടെന്നും ബാക്കി തുക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ലേലം കൊണ്ടവർ അടയ്ക്കാത്തതിനെത്തുടർന്ന് പുനർലേലം നടത്തിയതിൽ ആരും പങ്കെടുത്തില്ലെന്നും തുടർന്ന് തെരഞ്ഞെടുപ്പ് ജോലികളും സ്ഥിരം സെക്രട്ടറിയുടെ അഭാവവും കാരണം തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കാതെ വന്നുവെന്നും ശ്രീ. സി. ഷിജുകുമാർ ബോധിപ്പിച്ചിരുന്നു. ജോലി തിരക്ക് കാരണവും സർവ്വീസിൽ നിന്നും വിരമിച്ചതിനാലും തുക പിരിച്ചെടുക്കാൻ സാധിക്കാതെ പോയെന്നാണ് ശ്രീ. പരമേശ്വരൻ ഇളയതിന്റെ വിശദീകരണം. കൂടാതെ ടിയാളെ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ കുറ്റം ടിയാളുകൾ സമ്മതിക്കുന്നതായി അനുമാനിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജോലിത്തിരക്കുമൂലം തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഒരു സർക്കാർ സേവകൻ വീഴ്ച വരുത്തുകയും അതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്യു എന്നത് അക്ഷന്തവ്യമായ വീഴ്ചയാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയത്, സെക്ഷൻ ക്ലാർക്ക് ശ്രീ. സി. ഷിജുകുമാർ എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. എൻ.എൻ. പരമേശ്വരൻ ഇളയത്, ജൂനിയർ സൂപ്രണ്ട്, ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്
2. ശ്രീ. സി. ഷിജുകുമാർ, സെക്ഷൻ ക്ലാർക്ക്, ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/176/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ